**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 471** **23-02-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ ക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അർഹതപ്പെട്ടവർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ നിഷേധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് മറ്റ് പെൻഷന് അവകാശമില്ല എന്ന മാനദണ്ഡം മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | അർഹതപ്പെട്ട എല്ലാപേർക്കും സാമൂഹ്യ ക്ഷേമ പെൻഷൻ അനുവദിക്കുന്നുണ്ട്. 06.02.2017 ന് മുമ്പ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചിരുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിൽ ലഭിക്കുന്നതിനു പുറമെ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ഗുണഭോക്താക്കൾക്ക് പ്രസ്തുത ക്ഷേമനിധി പെൻഷന് പുറമെ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | കോവിഡ് കാലഘട്ടത്തിൽ യഥാസമയം മസ്റ്ററിംഗ് നടത്താത്തതുമൂലം പെൻഷന് അർഹരായ ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാതിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; പ്രസ്തുത ഗുണഭോക്താക്കൾക്ക് തുടർന്നും പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർക്കാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. യഥാസമയം മസ്റ്റർ ചെയ്യാൻ കഴിയാതിരുന്നവർക്ക് മസ്റ്ററിംഗിനായി 2022 ഫെബ്രുവരി 1 മുതൽ 20 വരെ സമയം വീണ്ടും അനുവദിച്ചിരുന്നു. മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനും അത് "സേവന"യിൽ അപ്‌ലോഡ് ചെയ്യുന്നതിനും ഫെബ്രുവരി 28 വരെ സമയം അനുവദിച്ചിട്ടുണ്ട്. മസ്റ്റർ ചെയ്യുന്ന/ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ലഭിക്കുന്നതാണ്. |
| (സി) | ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾ അടയ്ക്കുന്ന വിഹിതമാകയാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ അനുവദിച്ചിരുന്നത് പോലെ ക്ഷേമനിധി പെൻഷൻ ലഭിക്കുന്നവർക്ക് ഒരു പെൻഷന് കൂടി അനുമതി നൽകുന്നത് പരിഗണിക്കുമോ? | (സി) | സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷൻ കൂടി ലഭിക്കുന്നതിന് അർഹതയില്ല. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ഗുണഭോക്താക്കൾക്ക് പ്രസ്തുത ക്ഷേമനിധി പെൻഷന് |

| | | | |
|---|---|---|---|
| | | | പുറമെ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ